# പുരോഗമനസാഹിത്യപ്രസ്ഥാനം

എം. എൻ. കാരശ്ശേരി



പുരോഗമനസാഹിത്യപ്രസ്ഥാനം

എം. എൻ. കാരശ്ശേരി
(മലയാളം: ഹാസ്യലേഖനം)

© 2024, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The Little Stars of Gold, a painting by Artuš Scheiner. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പുരോഗമനസാഹിത്യ പ്രസ്ഥാനം



മാക്സിംഗോർക്കി

രണ്ടാം ലോകമഹായുദ്ധത്തിന് മുമ്പ് മുതിർന്നുകൊണ്ടിരുന്ന ഫാസിസത്തെ ചെറുക്കുവാൻ സാംസ്കാരികരൂപങ്ങൾ ഉപയോഗപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കുന്നതിന് 'പുരോഗമനവീക്ഷണ'മുള്ള സാഹിത്യകാരന്മാർ 1935-ൽ പാരീസിൽ യോഗം ചേരുകയുണ്ടായി. മാക്സിംഗോർക്കി, ഇ. എം. ഫോസ്റ്റർ, ആന്ദ്രേ ഴീദ്, ആന്ദ്രേ മാൽറോ മുതലായവരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായ ആ ചർച്ചാസമ്മേളനത്തിൽ ഇന്ത്യയിൽനിന്ന് മുൽക്ക്‌രാജ് ആനന്ദ്, സജ്ജാദ് സഹീർ മുതലായവർ പങ്കെടുത്തിരുന്നു. അക്കൊല്ലം തന്നെ ലണ്ടൻ കേന്ദ്രമായി 'ഇന്ത്യൻ പുരോഗമന സാഹിത്യസംഘടന' രൂപീകൃതമായി. 1936-ൽ പ്രേംചന്ദിന്റെ നേതൃത്വത്തിൽ ലഖ്നോവിൽ ചേർന്ന അഖിലേന്ത്യാ പുരോഗമനസാഹിത്യ സമ്മേളനം ഇന്ത്യയിലെ പുരോഗമനസാഹിത്യസംഘത്തിനുണ്ടായിരിക്കേണ്ട ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു. ഇതിന്റെ പ്രചോദനത്തിലാണ് കേരളത്തിൽ തൃശ്ശൂർ കേന്ദ്രമായി 'ജീവത് സാഹിത്യസംഘം' രൂപം കൊള്ളുന്നത് (1937 ഏപ്രിൽ 30). രാഷ്ട്രീയ പ്രവർത്തകരും എഴുത്തുകാരും ആയിരുന്ന ഇ. എം. എസ്. നമ്പൂതിരിപ്പാട് (1909–1998), പി. കേശവദേവ് (1904–1983), കെ. ദാമോദരൻ (1912–1976), കെ. എ. ദാമോദരമേനോൻ (1906–1980) തുടങ്ങിയവരായിരുന്നു മുൻനിരപ്രവർത്തകർ.



മുൽക്ക്‌രാജ് ആനന്ദ്

ആറേഴുകൊല്ലം സമ്മേളനങ്ങളും ചർച്ചകളും കൊണ്ടുനടന്ന സംഘത്തിന്റെ തുടർച്ച എന്ന നിലയിലാണ് ചെറുതുരുത്തിയിൽ 1944-ൽ ചേർന്ന യോഗത്തിൽ 'പുരോഗമനസാഹിത്യസംഘടന' രൂപം കൊള്ളുന്നത്. പ്രൊഫസർ എം. പി. പോൾ (പ്രസിഡണ്ട്), സി. അച്യുതക്കുറുപ്പ് (സെക്രട്ടറി), പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള മുതൽ പേരായിരുന്ന ഭാരവാഹികൾ. പിൽക്കാലത്ത് ജോസഫ് മുണ്ടശ്ശേരി (1903–1977), പൊൻകുന്നംവർക്കി (1910–2004), വയലാർ രാമവർമ്മ (1928–1975) മുതലായ പ്രമുഖ സാഹിത്യകാരന്മാർ ഇതിന്റെ ഭാരവാഹികളായിരുന്നിട്ടുണ്ട്. പത്തുകൊല്ലക്കാലം (1944–1954) സംഘടന സജീവമായിരുന്നു.



ഇ. എം. ഫോസ്റ്റർ

'ജീവിത യാഥാർത്ഥ്യം' എന്നത് അന്നൊരു സാഹിത്യമൂല്യമായിരുന്നു. നിയോക്ലാസിസത്തിന്റെ കൊട്ടാരക്കെട്ടുകളിൽ നിന്നും റൊമാന്റിസിസത്തിന്റെ പൂങ്കാവനങ്ങളിൽനിന്നും സാഹിത്യം റിയലിസത്തിന്റെ ചേറ്റുപാടങ്ങളിലേക്ക് ഇറങ്ങി വരികയായിരുന്നു. 'മണ്ണിന്റെ മണം' അക്കാലത്തെ സാഹിത്യത്തിന്റെ കൊടി അടയാളമായിരുന്നു. മനുഷ്യമോചനം ലക്ഷ്യമായിക്കണ്ട പൊതുപ്രവർത്തനത്തിന്റെ കലാസുന്ദരമായ ഉപായങ്ങളിൽ ഒന്നായി സാഹിത്യം മനസ്സിലാക്കപ്പെട്ടു. സോഷ്യൽ റിയലിസം (സ്ഥിതി സമത്വയാഥാതഥ്യം) ആയിരുന്നു അതിന്റെ ആദർശം.



ആന്ദ്രേ മാൽറോ

വൻ സമ്മേളനങ്ങൾ സംഘടിപ്പിക്കുക, ചർച്ചകൾ നടത്തുക, ആനുകാലികങ്ങളിലെ സാഹിത്യ സംവാദങ്ങളുടെ ദിശ നിർണയിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ മുന്നേറിയ ഇതിന്റെ പ്രവർത്തനം 'സംഘടന' എന്നതിലധികം 'പ്രസ്ഥാനം' എന്ന നിലയ്ക്കായിരുന്നു. 'പുരോഗമനസാഹിത്യപ്രസ്ഥാനം' എന്നാണ് മലയാളികൾ പറയാറുള്ളതും. സമകാലിക സാമൂഹ്യ രാഷ്ട്രീയസാഹചര്യം തുറന്നു കാണിച്ച് അവയിൽ കുടികൊള്ളുന്ന അന്യായങ്ങൾക്കും അനീതികൾക്കുമെതിരെ വായനക്കാരെ ബോധവത്ക്കരിക്കുക എന്നതായിരുന്നു പ്രസ്ഥാനത്തിന്റെ ലക്ഷ്യം. എഴുത്തിനും വായനയ്ക്കും രാഷ്ട്രീയമായ ദിശാബോധം നൽകുക എന്നതായിരുന്നു പ്രസ്ഥാനത്തിന്റെ ഉള്ളടക്കം.



കെ. എ. ദാമോദരമേനോൻ

തുടക്കത്തിൽ ദേശീയപ്രസ്ഥാനക്കാരുടെയും പിന്നീട് കമ്യൂണിസ്റ്റുകാരുടെയും ഒത്താശയിൽ നടന്ന ജീവത്സാഹിത്യസംഘം, പുരോഗമനസാഹിത്യസംഘടന വന്നതോടെ ബഹുജനപ്രസ്ഥാനമായി. കേരളത്തിന്റെ നാനാഭാഗത്തുമുള്ള എഴുത്തുകാരും പണ്ഡിതന്മാരും അധ്യാപകരുമെല്ലാം കക്ഷിഭേദമില്ലാതെ ഇതിനോട് സഹകരിച്ചിരുന്നു. ഇതിന്ന് പിൻബലം നൽകിയവരിൽ പ്രധാനി ദേശീയപ്രസ്ഥാനപ്രവർത്തകരിൽ പ്രമുഖനായിരുന്ന മഹാകവി വള്ളത്തോൾ നാരായണമേനോൻ (1878–1958) ആയിരുന്നു. പത്രപ്രവർത്തകനും പണ്ഡിതനും നിരൂപകനുമായ കേസരി ബാലകൃഷ്ണപിള്ള (1889–1960) സംഘടനാഭാരവാഹിയാവാതെതന്നെ പ്രസ്ഥാനത്തിന് ആശയപരമായ ദിശാബോധം നൽകുവാൻ സഹായിച്ചു.

കമ്മ്യൂണിസത്തിന്റെ അതിപ്രസരത്തെപ്പറ്റിയുള്ള പരാതികളും രൂപഭാവങ്ങളെപ്പറ്റിയുള്ള സംവാദങ്ങളും കൊണ്ടാണ് പ്രസ്ഥാനം തളർന്നത്. അതിന്റെ എതിരാളികളിൽ പ്രധാനി പ്രമുഖ നിരൂപകൻ കുട്ടികൃഷ്ണമാരാര് (1900–1973) ആയിരുന്നു.



പൊൻകുന്നംവർക്കി

കേരളസംസ്ഥാനം രൂപം കൊണ്ടതോടെ (1 നവംബർ 1956) രാഷ്ട്രീയ പ്രവർത്തകരുടെ ശ്രദ്ധ അധികാരത്തിലേയ്ക്കും കക്ഷി മത്സരത്തിലേക്കും തിരിഞ്ഞു. ഈ പ്രസ്ഥാനത്തിന്ന് ബഹുജനസ്വഭാവം നഷ്ടപ്പെട്ടു. എങ്കിലും മലയാളസാഹിത്യത്തിൽ അതിനുമുമ്പോ പിമ്പോ മറ്റൊരു പ്രസ്ഥാനത്തിന്നും നേടാൻ കഴിയാത്ത സ്വാധീനം അത് നേടിയെടുത്തു. അളവ് വളരെക്കുറഞ്ഞു പോയെങ്കിലും ആ പ്രഭാവം ഇന്നും നിലനിൽക്കുന്നു.

ഹിന്ദുപുരാവൃത്തങ്ങൾ, സംസ്കൃതഭാഷ, രാജവാഴ്ച, സവർണമേധാവിത്തം, വിദേശക്കോയ്മ, ജന്മി–കുടിയാൻ വ്യവസ്ഥ, മതവർഗീയത, അന്ധവിശ്വാസം, അനാചാരം മുതലായ ജനാധിപത്യവിരുദ്ധതകളിൽ നിന്ന് സാഹിത്യമടക്കമുള്ള കലാരൂപങ്ങളെ രക്ഷിച്ചെടുക്കുക എന്നതായിരുന്നു പ്രസ്ഥാനത്തിന്റെ പ്രധാന ദൗത്യം. നിയോക്ലാസിക്ക് രുചികളിൽ നിന്ന് റിയലിസത്തിലേക്കുള്ള മലയാളത്തിന്റെ പാത ഈ പ്രസ്ഥാനമായിരുന്നു.



ജോസഫ് മുണ്ടശ്ശേരി

സംസ്കൃത വൃത്തങ്ങളിൽ നിന്ന് ദ്രാവിഡ വൃത്തങ്ങളിലേക്കും ദ്രാവിഡവൃത്തങ്ങളിൽ നിന്ന് നാടൻ ശീലുകളിലേക്കും കവിതാരചന വഴിമാറി. പദ്യത്തിന്റെ സർവ്വപ്രാധാന്യത്തെ വെല്ലുവിളിച്ചുകൊണ്ട് ഗദ്യം ഇരമ്പിക്കുതിച്ചു വന്നു. ചെറുകഥകളും നോവലുകളും ധാരാളമായി എഴുതപ്പെട്ടു. രാജാക്കന്മാരുടെയും സമ്പന്നരുടെയും സവർണരുടെയും കഥകളുടെ സ്ഥാനത്ത് പ്രജകളുടെയും നാനാജാതിമതസ്ഥരായ ആളുകളുടെയും ജീവിതം സാഹിത്യപ്രമേയമായി. തൊഴിലാളികളും നിരക്ഷരരും നായികാനായകന്മാരായി. ഏതു പ്രദേശത്തെയും ഏതു സമുദായക്കാരുടെയും വാമൊഴിക്ക് സാഹിത്യഭാഷയിൽ പ്രവേശനം കിട്ടി. കേരളത്തിൽ ഭാഷയുടെയും സാഹിത്യത്തിന്റെയും ജനാധിപത്യവത്കരണത്തിന് വഴിയൊരുക്കിയത് പുരോഗമനസാഹിത്യപ്രസ്ഥാനമാണ്.



ഗാൾസ് വർത്തി

പ്രസ്ഥാനത്തോട് പല നിലയ്ക്കും ലയിച്ചുചേരേണ്ട സാഹചര്യമാണ്, അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പങ്കുപറ്റേണ്ട പൊതുജീവിതമുണ്ടായിരുന്ന ബഷീറിന്റേത്. പ്രസ്ഥാനത്തിന്റെ പ്രവർത്തനം സജീവമായിരുന്ന കാലത്ത് അതിന്റെ വേദികളായിരുന്ന തൃശ്ശൂർ, എറണാകുളം, കോട്ടയം തുടങ്ങിയ പ്രദേശങ്ങളിലാണ് ബഷീർ കഴിഞ്ഞുകൂടിയിരുന്നത്. അതിന്റെ പ്രവർത്തകരിൽ മിക്കവരും അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കളായിരുന്നു. പ്രസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേതാവ് എം. പി. പോളിന്റെ കൂടെയായിരുന്നു ഇക്കാലത്ത് പലപ്പോഴും താമസം. ഇതൊക്കെയായിട്ടും ബഷീർ പ്രസ്ഥാനത്തിന്റെ ആരുമായില്ല. പേരിന് അംഗമായ സംഘടനയോട് തനിക്ക് അനുഭാവം ഉണ്ട് എന്ന കാര്യം 'അനുരാഗത്തിന്റെ ദിനങ്ങളി'ൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഒന്നാം അധ്യായം).



സോമർ സെറ്റ്മാം

ബഷീറിനെ പുരോഗമന സാഹിത്യവും അതിന്റെ രാഷ്ട്രീയ വിവക്ഷകളും പ്രത്യക്ഷമായി സ്വാധീനിച്ചില്ല. താനൊരു കലാകാരനാണെന്നും അതുകൊണ്ട രാഷ്ട്രീയക്കാരുടെ വരുതിക്ക് നിന്നുകൂടാത്തവനാണെന്നും ഉള്ള വെളിവ് ബഷീറിന്ന് എപ്പോഴുമുണ്ട്. വിശപ്പിനെപ്പറ്റിയും ദരിദ്രരെപ്പറ്റിയും തൊഴിലാളികളെപ്പറ്റിയും ധാരാളമായി എഴുതിയിട്ടും വർഗസംഘട്ടനത്തിന്റെ കഥകളൊന്നും ബഷീർ എഴുതിയില്ല. ജീവിതത്തിലെ പ്രശ്നങ്ങളെല്ലാം ഏതെങ്കിലും പ്രത്യയശാസ്ത്രം കൊണ്ട് പരിപൂർണ്ണമായി പരിഹരിക്കാം എന്ന് അദ്ദേഹം വിചാരിച്ചില്ല—രാഷ്ട്രവും സമൂഹവും പോലെ കുടുംബവും വ്യക്തിയും പ്രധാനമാണ്; ആത്മീയപ്രശ്നങ്ങളും പ്രധാനമാണ്. സ്വന്തം അനുഭവങ്ങളിലും അനുഭൂതികളിലും ചരിത്രത്തിന്റെ പ്രശ്ന സങ്കീർണ്ണതകൾ ആവിഷ്കാരം കൊള്ളുന്നതിന്റെ പൊരുൾ അന്വേഷിച്ചുചെല്ലുന്ന കലാകാരനാണദ്ദേഹം.



സ്റ്റെയിൻബക്ക്

സ്വന്തം രചനകളിലെ അന്യസ്വാധീനങ്ങളെപ്പറ്റി ഒരിക്കലേ ബഷീർ എഴുതിയിട്ടുള്ളൂ. അത് സാഹിത്യഗവേഷകൻ ഡോ. കെ. എം. ജോർജിന്ന് 1968 ജനുവരി 24-ാം തിയതി എഴുതിയ കത്തിലാണ്: 'പടിഞ്ഞാറൻ സാഹിത്യത്തിൽ നിന്നോ കിഴക്കൻ സാഹിത്യത്തിൽ നിന്നോ ഞാൻ പ്രചോദനം ഉൾക്കൊണ്ടിട്ടില്ല എന്ന് വേഗം പറയാൻ കഴിയും... ഞാൻ കുറെ എഴുതിക്കഴിഞ്ഞപ്പോഴാണ് പാശ്ചാത്യസാഹിത്യവുമായി എനിക്ക് ബന്ധം പുലർത്താൻ സൗകര്യം കിട്ടിയത്. സോമർ സെറ്റ്മാം, സ്റ്റെയിൻബക്ക്, മോപ്പസാങ്ങ്, ഫ്ളാബർട്ട്, റൊമെയിൻ റോളണ്ട്, ഗോർക്കി, ചെക്കോവ്, ഹെമിങ്ങ്‌വെ, പേൾബക്ക്, ഷെക്ക്സ്പിയർ, ഗാൾസ് വർത്തി, ഷാ—ഇങ്ങനെ കിട്ടിയതെല്ലാം വായിച്ചു. വായിക്കാൻ സൗകര്യത്തിനുവേണ്ടി ഒന്നു രണ്ടു ബുക്ക്സ്റ്റാളുകൾ നടത്തി. ഞാൻ അധികവും വായിച്ചത് ക്രാഫ്റ്റ് മനസ്സിലാക്കാൻ വേണ്ടിയായിരുന്നു. എഴുതാൻ എനിക്ക് ഒരുപാട് അനുഭവങ്ങൾ ഉണ്ടായിരുന്നു. ഉണ്ട്!... പടിഞ്ഞാറൻ സാഹിത്യകാരന്മാർ എന്നെ ഇൻഫ്ളുവൻസ് ചെയ്തു എന്നു പറയണമെങ്കിൽ റൊമയിൻ റോളണ്ട്, സ്റ്റെയിൻ ബക്ക് എന്നിവരുടെ പേരുകൾ പറയാം.' (ഡോ. എൻ. സാം—'ചരിത്രം തുടിക്കുന്ന താളുകൾ', 2005: പു. 56, 57)



റൊമെയിൻ റോളണ്ട്

ബഷീറിന്റെ ക്രിയാത്മക പുരോഗമന സാഹിത്യപ്രസ്ഥാനം ചൂണ്ടിക്കാണിച്ച പ്രമേയങ്ങളെയോ സന്ദേശങ്ങളെയോ വിലവെച്ചില്ല. പ്രണയം, വ്യഭിചാരം, കാമം, കലഹം, മദ്യപാനം, ഭ്രമകൽപനകൾ മുതലായവ ഇതിവൃത്തമാക്കി ബഷീർ എഴുതിയ പല രചനകളെയും അക്കാലത്തെ പുരോഗമനക്കാർ തള്ളിക്കളഞ്ഞിട്ടുണ്ട്. അവയുടെ ആഴം കണ്ടെത്തുവാൻ അവർ സമയമെടുത്തു.



ഹെമിങ്ങ്‌വെ

പുരോഗമനക്കാരുടെ ലോകത്ത് സാഹിത്യം കലാരൂപം എന്ന നിലയ്ക്ക് പിന്നെപ്പിന്നെ അവഗണിക്കപ്പെട്ടുപോയി. രചനയിലെ 'സന്ദേശം' മാത്രമായി പ്രശ്നം. പ്രത്യക്ഷമായ 'പുരോഗമന'വീക്ഷണമുള്ള കൃതികൾ കൊണ്ടാടപ്പെട്ടു. അത്തരം ഒന്ന് എടുത്തു കാണിക്കാനില്ലാത്ത ഏത് കൃതിയും 'പിന്തിരിപ്പൻ' ആയി മുദ്ര കുത്തപ്പെട്ടു. ആ രചനകൾ നടത്തിയവർ 'മൂരാച്ചി'കളായി നിന്ദിക്കപ്പെട്ടു.



പേൾബക്ക്

രാഷ്ട്രീയ പ്രശ്നങ്ങളും മുതലാളി–തൊഴിലാളിബന്ധവും ചിത്രീകരിക്കുന്നതിലെ ഈ യാന്ത്രികസമീപനം ആണ് രണ്ടു പതിറ്റാണ്ട് കാലം (1937–1957) വാഴ്ചകൊണ്ട പുരോഗമന സാഹിത്യപ്രസ്ഥാനത്തെ ജഡപ്രായമാക്കിയത്. നന്മയുടെ പ്രതിരൂപമായ തൊഴിലാളി വിജയിച്ചരുളുകയും തിന്മയുടെ പ്രതിരൂപമായ മുതലാളി തോറ്റുനുകയും ചെയ്യുന്ന ആവർത്തന വിരസമായ രചനാമണ്ഡലം രാഷ്ട്രീയക്കാരുടെ കൂലിയെഴുത്തുകാർ മാത്രമായി സാഹിത്യകാരന്മാരെ വെട്ടിക്കുറയ്ക്കുകയായിരുന്നു. സാഹിത്യത്തിന്റെ രൂപഭാവങ്ങൾ ഇമ്മട്ടിൽ ഒരു അടച്ച വാർപ്പിനകത്ത് വീർപ്പുമുട്ടിക്കൊണ്ടിരുന്ന ദുരവസ്ഥക്കെതിരായ കലാപമായിട്ടുകൂടിയാണ് 1950-കളുടെ ഒടുവിൽ എം. ടി. വാസുദേവൻ നായർ (ജനനം: 1933), ടി. പത്മനാഭൻ (ജനനം: 1931), എൻ. പി. മുഹമ്മദ് (1928–2003) മുതലായവർ എഴുതിത്തുടങ്ങിയത്. അവരുടെ ലോകത്ത് വ്യക്തിയുടെ മാനസികപ്രശ്നങ്ങൾക്ക് വലിയ വിലയുണ്ടായിരുന്നു. ഈ പ്രതിരോധപ്രവണതകളുടെ സ്വാഭാവിക പരിണാമമായിരുന്നു മലയാളത്തിൽ 1960-കളുടെ ഒടുവിൽ പിറവികൊണ്ട ആധുനികത.

ആധുനികത വന്നെത്തിയപ്പോൾ അതിന്റെ രുചികളെ കൂട്ടുതൽ തൃപ്തിപ്പെടുത്തിയ മുൻതലമുറയിലെ എഴുത്തുകാരൻ ബഷീറായിത്തീർന്നത് സ്വാഭാവികം.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014